**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2093** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളിൽ പകുതി പേർ സർക്കാർ സർവീസിൽ കുറഞ്ഞത് പത്ത് വർഷം സർവീസ് ഉള്ളവരായിരിക്കണം എന്ന വ്യവസ്ഥ ഏത് ചട്ടങ്ങളിലാണ്/ നിയമങ്ങളിലാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | ഭരണഘടനയിലെ ആർട്ടിക്കിൾ 316 -ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനം നടത്തുന്നത്. |
| (ബി) | നിലവിലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണത്തിൽ മേൽപ്പറഞ്ഞ അനുപാതം പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | നിലവിലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളിൽ സർക്കാർ സർവീസിൽ നിന്നല്ലാതെ തിരഞ്ഞെടുത്തിട്ടുള്ളത് എത്ര പേരെയാണ് എന്നറിയിക്കുമോ; | (സി) | ഏഴ് പേരെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | സർക്കാർ സർവീസിൽ നിന്നല്ലാതെ തിരഞ്ഞെടുക്കുന്ന കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ/ യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഭരണഘടനയിലെ ആർട്ടിക്കിൾ 316 -ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനം നൽകുന്നത്. |
| (ഇ) | പ്രസ്തുത തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ/ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ/കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്തെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ഇ) | ഭരണഘടനയിലെ ആർട്ടിക്കിൾ 316 -ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനം നൽകുന്നത്. |
| (എഫ്) | യു.ജിസി. അംഗീകൃത ബിരുദം ഇല്ലാത്ത ആരെയെങ്കിലും നിലവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമായി നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ അവരുടെ പേര് വിവരം നൽകുമോ? | (എഫ്) | ഭരണഘടനയിലെ ആർട്ടിക്കിൾ 316 -ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ